## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T-2385 — 19.06.2013-ലെ മറുപടിക്ക്

### സർക്കാർ മെരിറ്റിൽ പ്രവേശനം

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു :

(എ) ഈ സർക്കാർ അധികാരമേറ്റതിന് മുൻപുള്ള വിദ്യാഭ്യാസ വർഷത്തിൽ സർക്കാരുമായി എഗ്രിമെന്റിൽ എത്തിയ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകളുടെ സർക്കാർ അനുമതി നൽകിയ ഫീസ് നിരക്കുകൾ എത്രയായിരുന്നു ; എഗ്രിമെന്റിലെത്തിയ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എത്ര ശതമാനം സീറ്റുകളിൽ വീതം സർക്കാരിന് മെരിറ്റിൽ പ്രവേശനം നടത്താമായിരുന്നു ;

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേൽക്കും മുൻപ് 2010-11 അദ്ധ്യയന വർഷത്തെ മെഡിക്കൽ ദന്തൽ പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരുമായി എഗ്രിമെന്റിൽ എത്തിയ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ, ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകളുടെ സർക്കാർ അനുമതി നല്കിയ പ്രകാരമുള്ള ഫീസ് നിരക്കുകൾ താഴെ പറയുന്നു.

**എം.ബി.ബി.എസ്.**

| | |
|---|---|
| ബി.പി.എൽ വിഭാഗം | - 25,000 |
| എസ്.ഇ.ബി.സി വിഭാഗം | - 45,000 |
| സർക്കാർ മെരിറ്റ് | - 1,38,000 |
| മാനേജ്മെന്റ് ക്വാട്ട | - 5,50,000 (അഞ്ച് ലക്ഷം പലിശ രഹിത നിക്ഷേപം പുറമേ) |
| എൻ.ആർ.ഐ. ക്വാട്ട | - 9,00,000 |

**ബി.ഡി.എസ്.**

| | |
|---|---|
| ബി.പി.എൽ വിഭാഗം | - 23,000 |
| എസ്.ഇ.ബി.സി. വിഭാഗം | - 44,000 |
| സർക്കാർ മെരിറ്റ് | - 1,10,000 |
| മാനേജ്മെന്റ് ക്വാട്ട | - 3,50,000 |
| എൻ.ആർ.ഐ. ക്വാട്ട | - 4,00,000 |

എഗ്രിമെന്റിലെത്തിയ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ 50 ശതമാനം സീറ്റുകളിലേക്ക് സർക്കാർ മെരിറ്റിൽ പ്രവേശനം നടത്താമായിരുന്നു.

(P.T.O.)

(ബി) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളുടെ ഫീസ് നിരക്കുകൾ എത്ര ; സ്വകാര്യ സ്വാശ്രയ മേഖലയിലെ എത്ര ശതമാനം സീറ്റുകളിൽ സർക്കാർ മെരിറ്റിൽ പ്രവേശനം നടത്താൻ കഴിയും ; ന്യൂനപക്ഷ മാനേജ്മെന്റ് മെഡിക്കൽ/ഡെന്റൽ കോളേജുകൾ എത്ര ; എം.ബി.ബി.എസ്./ബി.ഡി.എസ്. സീറ്റുകൾ എത്ര ; ഇവയിൽ സർക്കാരിന്റെ മെരിറ്റിൽ പ്രവേശനം നടത്താൻ മാനേജ്മെന്റുകൾ വിട്ടുതന്ന സീറ്റുകൾ എത്ര ; വിശദമാക്കുമോ ?

(ബി) സംസ്ഥാനത്ത് ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള 23 മെഡിക്കൽ കോളേജുകളിൽ 2800 മെഡിക്കൽ സീറ്റുകളും 22 ഡെന്റൽ കോളേജുകളിൽ 1350 ഡെന്റൽ സീറ്റുകളും ആകെ ലഭ്യമാണ് 2013-14 അദ്ധ്യയന വർഷത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരുമായി കരാറിൽ ഒപ്പുവച്ച സ്ഥാപനങ്ങളിൽ 2 മെഡിക്കൽ കോളേജുകൾക്കും 11 ഡെന്റൽ കോളേജുകൾക്കും ന്യൂനപക്ഷ പദവിയുണ്ട്. ന്യൂനപക്ഷ പദവിയുള്ള സ്ഥാപനങ്ങളിൽ 200 എം.ബി.ബി.എസ്. സീറ്റുകളും 710 ബി.ഡി.എസ്. സീറ്റുകളുമുണ്ട്. 2013-14 അദ്ധ്യയന വർഷം സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ന്യൂനപക്ഷ പദവി ഉൾപ്പെടെയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് സർക്കാർ മെരിറ്റിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾ 1,65,000 രൂപയും മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾ 7,00,000 രൂപയും എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികൾ 10,50.000 രൂപയുമാണ് വാർഷിക ഫീസായി നൽകേണ്ടത്. ബി.ഡി.എസ്. പ്രവേശനത്തിന് സർക്കാർ മെരിറ്റിൽ 1,50,000 രൂപയും മാനേജ്മെന്റ് ക്വാട്ടയിൽ 4,25,000 രൂപയും എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികൾ 5,00,000 രൂപയുമാണ് വാർഷിക ഫീസായി നൽകേണ്ടത്. ഇതിനു പുറമേ മാനേജ് മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും പലിശ രഹിത നിക്ഷേപമായി എം.ബി.ബി.എസിന് 5,00,000 രൂപയും ബി.ഡി.എസിന് 3.00,000 രൂപയും ഈടാക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ സർക്കാർ അലോട്ട് ചെയ്യുന്ന എം.ബി.ബി.എസ്. സീറ്റിൽ കുറഞ്ഞ വരുമാനക്കാർക്ക് 14 ശതമാനം സീറ്റിലേക്കും (7 സീറ്റ്) എസ്.ഇ.ബി.സി . വിഭാഗത്തിന് അർഹതയുള്ള 26 ശതമാനം സീറ്റിലേക്കും (13 സീറ്റ്) 25,000 രൂപ ഫീസായി

**(P.T.O.)**

നിശ്ചയിച്ച് ഇളവ് നൽകിയിട്ടുണ്ട്. സർക്കാർ അലോട്ട് ചെയ്യുന്ന ബി.ഡി.എസ്. സീറ്റിൽ കുറഞ്ഞ വരുമാനക്കാർക്ക് 14 ശതമാനം സീറ്റിലേക്ക് 23,000 രൂപയും എസ്.ഇ.ബി.സി . വിഭാഗത്തിന് 44,000 (26 ശതമാനം) രൂപയും ഫീസായി നിശ്ചയിച്ചിട്ടുണ്ട്.

ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിൽ 2013-14 വർഷത്തിൽ എം.ബി.ബി.എസ്. കോഴ്സിന് എല്ലാ സീറ്റിലേക്കും (85 ശതമാനം) 4,00,000 രൂപയും എൻ.ആർ.ഐ. വിഭാഗത്തിന് 9,00,000 രൂപയും വാർഷിക ഫീസ്സായി നിശ്ചയിച്ചിട്ടുണ്ട്. ബി.ഡി.എസിന് എൻ.ആർ.ഐ. ഒഴികെയുള്ള സീറ്റുകളിൽ 3 ലക്ഷവും എൻ.ആർ.ഐ. സീറ്റിലേക്ക് 4 ലക്ഷവുമാണ് വാർഷിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്.

സർക്കാരുമായി കരാർ ഒപ്പുവച്ച സ്ഥാപനങ്ങളിലെ 50 ശതമാനം സീറ്റുകളിൽ സർക്കാർ മെരിറ്റിലാണ് പ്രവേശനം നടത്തുന്നത്.

**സെക്ഷൻ ഓഫീസർ**